കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്കുമാരായ ശ്രീ. ബി. നവാസ് & ശ്രീ. രാജീവ് ജി. വി എന്നിവർ സമർപ്പിച്ച OA 177/2015 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23/02/2015 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം. 53/2016/തസ്വഭവ തീയതി, തിരുവനന്തപുരം. 6/1/2016**

---

പരാമർശം:
1. ശ്രീ ബി നവാസ് & ശ്രീ രാജീവ് ജി വി സമർപ്പിച്ച OA 177/2015 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/02/2015 ലെ ഉത്തരവ്
2. അഡ്വക്കേറ്റ് ജനറലിന്റെ 02.07.2015 ലെ സി2-OA 177/2015/എജിഒ നമ്പർ കത്ത്

## <u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്കുമാരായ ശ്രീ.ബി. നവാസ് & ശ്രീ രാജീവ് ജി. വി സമർപ്പിച്ച OA 177/2015 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം ഒന്നാം എതിർ കക്ഷി (തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) അനക്സർ എ 12 പരിശോധിച്ച്, അപേക്ഷകരെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. പഞ്ചായത്ത് വകുപ്പിലെ ക്ലറിക്കൽ തസ്തികയിലെ അനുപാതക്രമീകരണം അനുവദിച്ച 12.06.2013 തീയതി പ്രാബല്യത്തിൽ വകുപ്പിലെ അർഹമായ 520 ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർസൂപ്രണ്ട് തലത്തിൽ ഉയർത്തി ഉത്തരവുണ്ടാകണമെന്നും അപ്രകാരം ജൂനിയർ സൂപ്രണ്ട് പ്രമോഷന് അർഹരാകുന്നവർക്ക് പ്രസ്തുത തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി, ശമ്പള കുടിശ്ശിക എന്നിവ അനുവദിക്കണമെന്നും അനക്സർ എ 12-ൽ അഭ്യർത്ഥിക്കുകയുണ്ടായി.

3. ശ്രീ. ബി. നവാസിനെയും ശ്രീ. രാജീവ്. ജി. വി-യെയും 21.05.2015 ൽ നേരിൽ കേൾക്കുകയുണ്ടായി. ക്ലാർക്ക് - സീനിയർ ക്ലാർക്ക് തസ്തികകൾ 1:1 അനുപാതത്തിൽ രണ്ട് പ്രാവശ്യം സ്റ്റാൻഡർഡൈസേഷൻ നടത്തിയെങ്കിലും സൂപ്പർവൈസറി കേഡറിൽ ടി

സ്റ്റാൻഡർഡൈസേഷൻ നടപ്പിലാക്കിയിട്ടില്ലെന്നും ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി ഉയർത്തുമ്പോൾ വെറും നാമമാത്രമായ സാമ്പത്തിക ബാദ്ധ്യത മാത്രമേ ഉണ്ടാകുന്നുള്ളുവെന്നും ആഭ്യന്തരവകുപ്പിൽ കേരളാ ഫയർ & റസ്ക്യൂ വിഭാഗത്തിൽ സ്റ്റാൻഡർഡൈസേഷൻ നടത്തിയെന്നും അപേക്ഷകർ നേർ വിചാരണ സമയത്ത് അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 520 ഗ്രാമപഞ്ചായത്തുകൾക്കും കൂടി ജൂനിയർ സൂപ്രണ്ട് തസ്തിക നല്കുന്നതിനായി 520 ഹെഡ്ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്യുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. സർക്കാർ അധികമാണെന്ന് കണ്ടെത്തിയ താത്കാലിക നിയമനം നല്കിയ, 30000 ത്തോളം തസ്തികകൾ പുനർവിന്യസിക്കുന്നത് വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ ടിയാന്മാർ അനക്സർ എ 12 പ്രകാരം ഉന്നയിച്ച ആവശ്യം നിരസിക്കുന്നു.

പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/02/2015 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ ബി നവാസ്, ഹെഡ് ക്ലാർക്ക്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്,കണ്ടല്ലൂർ പി.ഒ, ആലപ്പുഴ - 690535 (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ രാജീവ് ജി വി, ഹെഡ് ക്ലാർക്ക്, പൂവാർ ഗ്രാമപഞ്ചായത്ത്, പൂവാർ പി.ഒ, തിരുവനന്തപുരം - 695 029 (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് ( 03.12.2015 ലെ ഡൈവ 1/398/2015-ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ